പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2227 — 05.12.2018 ൽ മറുപടിക്ക്

## എച്ച്.എം.സി./എച്ച്.ഡി.എസ്. മുഖേന സേവനമനുഷ്ഠിക്കുന്ന നഴ്സുമാരുടെ ശമ്പളം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | സർക്കാർ ആശുപത്രികളിൽ എച്ച്.എം.സി./ എച്ച്.ഡി.എസ്. മുഖേന സേവനമനുഷ്ഠിക്കുന്ന നഴ്സുമാരുടെ നിലവിലെ ശമ്പളം എത്രയാണ്; | (എ) | ആശുപത്രികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും സ്വയം സേവനം നടത്തുക, സാമ്പത്തിക സഹായം ചെയ്യുക എന്നിവ ലക്ഷ്യം വെച്ച് കൊണ്ടാണ് HMC/HDS രൂപീകരിച്ചിട്ടുള്ളത്. ഇവ ഒരു സ്വയം ഭരണസ്ഥാപനത്തിന്റെ രീതിയിലാണ് പ്രവർത്തനം നടത്തി വരുന്നത്. ഇതിന് സർക്കാർ ഗ്രാന്റ്/സഹായം ലഭ്യമല്ല. ഇതു കൊണ്ട് ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഒരു മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. ഓരോ HDS/HMC യും അവരുടെ രീതിയിലാണ് പ്രവർത്തനം നടത്തി ഫണ്ട് ശേഖരണം നടത്തുന്നത്. ആയതിനാൽ തന്നെ അവർക്ക് ലഭ്യമാകുന്ന തുകയ്ക്ക് ആനുപാതികമായിട്ടാണവർ ദിവസക്കൂലി വേതനം അനുവദിക്കുന്നത്. ചില എച്ച്.ഡി.എസിൽ സേവനം അനുഷ്ഠിക്കുന്ന നെഴ്സുമാരുടെ ദിവസവേതനം 520/- രൂപ നിരക്കിലും, ചില എച്ച്.എം.സി.കളിൽ സേവനം അനുഷ്ഠിക്കുന്ന നെഴ്സുമാരുടെ മാസശമ്പളം 13,900/- രൂപാ നിരക്കിലുമാണ് നൽകി വരുന്നത്. |
| (ബി) | സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള മിനിമം വേതനം ഇവർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ മിനിമം വേതനം നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ആശുപത്രി വികസന സമിതിയുടെ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം മാത്രമാണ് ജീവനക്കാരുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ എച്ച്.ഡി.എസ്./എച്ച്.എം.സി. കമ്മിററി തീരുമാനിക്കുന്നതിനനുസരിച്ചുള്ള ശമ്പളമാണ് ഇതു വഴി നിയമിതരായ സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നല്കി വരുന്നത്. |
| (സി) | ഇവരുടെ ശമ്പളം എൻ.എച്ച്.എം. നഴ്സുമാർക്ക് നൽകുന്ന തുകയ്ക്ക് സമാനമായി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ